**ചടയമംഗലം ഗ്രാമന്യായാലയ**

**ഹാജർ: റിയ രാജി , ന്യായാധികാരി**

**20 ഏപ്രിൽ 2026 / 30 ചൈത്രം 1948**

**ST 478/2016**

| | | |
|---|---|---|
| വാദി | : | കേരള സർക്കാരിനെ പ്രതിനിധീകരിച്ച് ചടയമംഗലം പോലീസ് സബ്ബ് ഇൻസ്പെക്ടർ (ക്രൈം നമ്പർ 1330/2010)<br>*(By Smt. Mithra J., A.P.P., )* |
| പ്രതികൾ | : | A1. മനോജ്, 38/2010 വയസ്സ്, S/o. ദാമോദരൻ പിള്ള, മനോജ് വിലാസം, വെട്ടുവഴി, കുരിയോട് മുറി, ചടയമംഗലം വില്ലേജ്.<br>A2. സഫീർ @ നെത്തോലി, 27/2010 വയസ്സ്, S/o. മുഹമ്മദ് ഇസ്മയിൽ, നജീം മൻസിൽ, പള്ളിമുക്ക്, കുരിയോട് മുറി, ചടയമംഗലം വില്ലേജ്.<br>*(By Adv. K.J. Thomas)* |
| കുറ്റം | : | ഇന്ത്യൻ ശിക്ഷാനിയമം 1860 ലെ വകുപ്പ് 353, 427, 34 പ്രകാരം |
| പ്ലീ | : | കുറ്റക്കാരനല്ല |
| തീർപ്പ് | : | കുറ്റക്കാരനല്ല |
| ശിക്ഷാവിധി /ഉത്തരവ് | : | ഒന്നാം പ്രതിയെ വകുപ്പ് 255(1) Cr.P.C പ്രകാരം നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു. പ്രതിയുടെ ജാമ്യ കൈച്ചീട്ടു റദ്ദാക്കിയിരിക്കുന്നു.<br>രണ്ടാം പ്രതിയ്ക്ക് എതിരെ ഉള്ള കേസ് *ST 3905/2016* ആയി റീ ഫയൽ ചെയ്ത് ഉത്തരവാകുന്നു. |

**<u>പ്രതിയുടെ വിശദവിവരം</u>**

| ക്രമ നം. | പേര് | വയസ്സ് | അച്ഛന്റെ പേര് | മേൽവിലാസം |
|---|---|---|---|---|
| 1. | മനോജ്, | 38/2010 | ദാമോദരൻ പിള്ള, | മനോജ് വിലാസം, വെട്ടുവഴി, കുരിയോട് മുറി, ചടയമംഗലം വില്ലേജ്. |
| 2. | സഫീർ @ നെത്തോലി | 27/2010 | മുഹമ്മദ് ഇസ്മയിൽ, | നജീം മൻസിൽ, പള്ളിമുക്ക്, കുരിയോട് മുറി, ചടയമംഗലം വില്ലേജ്. |

## തീയതി

| കുറ്റം നടന്ന തീയതി | പരാതി പ്പെട്ട തീയതി | പ്രതിയെ അറസ്റ്റ് ചെയ്ത തീയതി | ജാമ്യത്തിൽ വിട്ട തീയതി | വിസ്താരം ആരംഭിച്ച തീയതി | വിസ്താരം അവസാനി ച്ച തീയതി | ശിക്ഷ/ ഉത്തരവ് | കാല താമസം സംഭവി ക്കാനു ള്ള കാരണം |
|---|---|---|---|---|---|---|---|
| 31.10.2010 | 31.08.2010 | 02.09.2010 | A1. 04.09.2010 | 19.11.2013 | 30.03.2026 | 20.04.2026 | –ഇല്ല– |

ഈ കേസ് 20.04.2026 ന് കോടതിയിൽ അന്തിമമായി വിചാരണയ്ക്ക് വരികയും, 20.04.2026–ന് ചുവടെ പറയും പ്രകാരം പുറപ്പെട്ടുവിക്കുന്ന

## വിധിന്യായം

ചടയമംഗലം പോലീസ് സ്റ്റേഷൻ അഡീഷണൽ സബ്ബ് ഇൻസ്പെക്ടർ, ക്രൈം നമ്പർ 1330/2010 ആയി അക്കമിട്ട പ്രാഥമിക വിവര റിപ്പോർട്ടിൻമേൽ അന്വേഷണം നടത്തി ടിയാൻ സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പുകൾ 353, 427, 34 പ്രകാരമുള്ള കുറ്റം ആരോപിച്ച്കൊണ്ട് പ്രതികളായ ദാമോദരൻ പിള്ള മകൻ മനോജ്, മുഹമ്മദ് ഇസ്മയിൽ മകൻ സഫീർ @ നെത്തോലി എന്നിവരെ യഥാക്രമം ഒന്നും രണ്ടും പ്രതികളാക്കി ഫയൽ ചെയ്ത കേസ് ആണിത്.

2. പ്രോസിക്യൂഷൻ ആരോപിക്കുന്ന കുറ്റത്തിന്റെ ചുരുക്കം ചുവടെ പറയും പ്രകാരമാണ്:–

പ്രതികൾ ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യാൻ ആവലാതിക്കാരൻ അനുവദിക്കാത്തതിലുള്ള വിരോധം നിമിത്തം പ്രതികൾ 31.08.2010 13.10 മണിയ്ക്ക് കലയം എന്ന സ്ഥലത്ത് ആവലാതിക്കാരൻ കണ്ടക്ടറായി ചുമതല വഹിച്ച

സർവ്വീസ് നടത്തി വന്ന TP.531 ആം നമ്പർ KSRTC ബസ്സിനുള്ളിൽ വച്ച് ഒന്നാം പ്രതി ആവലാതിക്കാരന്റെ ഷർട്ടിന് കുത്തിപ്പിടിച്ചും രണ്ടാം പ്രതി കാലു കൊണ്ട് വലത് വശത്ത് ചവിട്ടി വേദനിപ്പിച്ചും ആവലാതിക്കാരന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം സംഭവിച്ചും KSRTC യ്ക്ക് 6,000/- രൂപയുടെ നഷ്ടം സംഭവിക്കുന്നതിനും ഇടയാക്കി പ്രതികൾ കൃത്യത്തിന് ഉത്സാഹികളും സഹായികളുമായി പ്രവർത്തിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വകുപ്പുകൾ 353, 427, 34 പ്രകാരമുള്ള കുറ്റം ചെയ്തു എന്നുള്ളത്.

3. ഈ കേസിന്റെ അന്തിമ റിപ്പോർട്ട് കൊട്ടാരക്കര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി II മുമ്പാകെ അന്വേഷണ ഉദ്യോഗസ്ഥൻ സബ് ഇൻസ്പെക്ടർ മുഖേന സമർപ്പിക്കുകയും ആയത് ടി കോടതി സി.സി 2153/2010 ആയി അക്കമിട്ട് വിചാരണയ്ക്ക് എടുക്കുകയും ആയതിൽ പ്രതികൾക്ക് സമൻസ് ഉത്തരവാകുകയും ചെയ്തു. 17.02.2016-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അവർകളുടെ ഉത്തരവിൻമേൽ ടി കേസ് കൊട്ടാരക്കര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിയിൽ നിന്നും ഈ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തു വരികയും ആയത് ST.458/2015 ആയി അക്കമിട്ട് മേൽപ്പറഞ്ഞ വകുപ്പ് പ്രകാരം പ്രതികൾക്കെതിരെ നടപടികൾ തുടർന്നു വരികയും ടി ഒന്നാം പ്രതി ഹാജരായി ജാമ്യം എടുത്ത് പോയിട്ടുള്ളതുമാണ്. പ്രതിക്ക് ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 207 പ്രകാരം പ്രോസിക്യൂഷൻ രേഖകളുടെ പകർപ്പ് നല്കുകയും ടി കോടതിയിൽ ഇന്ത്യൻ ശിക്ഷ നിയമം, 1860 ലെ വകുപ്പ് 353, 427, 34 പ്രകാരമുള്ള കുറ്റങ്ങളുടെ ചുരുക്കം ഒന്നാം പ്രതിയ്ക്ക് വായിച്ചു കേൾപ്പിച്ച് മനസ്സിലാക്കി കൊടുക്കുകയും ആയതിന് പ്രതി കുറ്റം ചെയ്തിട്ടില്ല എന്ന് പറയുകയും സാക്ഷി വിസ്താരം ആവശ്യമാണെന്ന് പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സാക്ഷികൾക്ക് സമൻസ് ഉത്തരവായിട്ടുള്ളതുമാണ്.

4. പ്രോസിക്യൂഷൻ പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ തെളിയിക്കുന്നതിലേക്കായി എട്ട് ചാർജ് സാക്ഷികളെ ചാർജിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ആയതിൽ ഒന്നാമത്തെ ചാർജ് സാക്ഷിയെ PW1 ആയും മൂന്നാമത്തെ ചാർജ്ജ് സാക്ഷിയെ PW2 ആയും രണ്ടാമത്തെ ചാർജ്ജ് സാക്ഷിയെ PW3 ആയും അഞ്ചാമത്തെ ചാർജ്ജ് സാക്ഷിയെ PW4 ആയും ഏഴാമത്തെ ചാർജ്ജ് സാക്ഷിയെ PW5 ആയും വിസ്തരിക്കുകയും ചെയ്തു CW8 മരണപ്പെട്ട് പോയിട്ടുള്ളത് ആണ്. ടിയാന്റെ ഡെത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതാണ്.

5. PW1 നെ വിസ്തരിച്ചു. ചടയമംഗലം പോലീസ് സ്റ്റേഷനിൽ ഈ കേസുമായി ബന്ധപ്പെട്ട് പരാതി നൽകിയിരുന്നു. നൽകിയ പരാതിയാണ് Ext.P1. ചടയമംഗലം –വെട്ടുവഴി കലയൻ വച്ചാണ്. അന്ന് KSRTC കണ്ടക്ടർ ആയി work ചെയ്യുകയായിരുന്നു. 1st trip ചടയമംഗലം KSRTC പെക്കോണം – കൊട്ടാരക്കര റൂട്ടിൽ കണ്ടക്ടർ ആയി ജോലി ചെയ്ത് വരവെ വെട്ടുവഴി ജംഗ്ഷനിൽ നിന്ന് 2 പേർ കയറി കലയം ജംഗ്ഷനിൽ ഇറങ്ങണമെന്ന് പറഞ്ഞു. ടിക്കറ്റ് എടുത്തില്ല. അതിനാൽ അവരുമായി സംസാരിക്കുകയുണ്ടായി. അവർ ടിക്കറ്റ് എടുത്താൽ വണ്ടി എടുത്താൽ മതിയെന്ന് പറഞ്ഞു. TM ടിക്കറ്റാണ് അന്ന് ഉപയോഗിച്ചിരുന്നത്. ഞാൻ അവരെ കൊണ്ടു പോകാൻ കഴിയില്ല എന്നു പറഞ്ഞു. ഒരാൾ എന്നെ പിടിച്ചു തള്ളി. ഡ്രൈവർ ഡിപ്പോയിൽ അറിയിച്ചു. പോലീസ് വന്നു. ഒരാൾ എന്നെ തലയ്ക്ക ചവിട്ടിയിട്ട് ഇറങ്ങി പോവുകയാണ് ചെയ്തത്. ഡ്രൈവർ ജോസഫ് കുര്യൻ ആയിരുന്നു. ചവിട്ടിയപ്പോൾ തലവന്ന് ബസിലിടിച്ചു. തലവേദനയെ തുടർന്ന് ആശുപത്രിയിൽ ചികിത്സ തേടി. എന്റെ ഡ്യൂട്ടി മുടങ്ങി. KSRTC യ്ക്ക് തുടർന്ന് ട്രിപ്പ് നടത്താൻ കഴിഞ്ഞില്ല. ഉദ്ദേശ്യം 5,000/– രൂപയുടെ നഷ്ടം KSRTC യ്ക്ക് ഉണ്ടായി. TP 931 എന്നാതാണ് ബസ് നമ്പർ. Witness

identified A1 in court 'ETM ticket generate ചെയ്തു എന്ന് FIS ൽ പറഞ്ഞിട്ടുണ്ടല്ലോ ' അപ്രകാരം പറഞ്ഞിരുന്നു പക്ഷേ, പൈസ കിട്ടിയില്ല എന്നും PW1 കോടിതിയെ ബോധിപ്പിച്ചു.

6. PW2 പ്രോസിക്യൂഷനെ അനുകൂലിച്ചില്ല. PW3 യെ വിസ്തരിച്ചു. ഞാൻ ചടയമംഗലം ഡ്രൈവർ ആയി ആയിരുന്നു. 2010 – ൽ ആഗസ്റ്റിലായിരുന്നു. 1.00 PM ഞാൻ തിരുവൈക്കോട് ക്ഷേത്രത്തിൽ നിന്നും കൊട്ടാരക്കര സർവ്വീസ് നടത്തുമ്പോൾ വെട്ടുകുഴി എത്തിയപ്പോൾ (പ്രദീപ് ആയിരുന്നു കണ്ടക്ടർ) യാത്രക്കാരുമായി വഴക്കുണ്ടാക്കി. കണ്ടക്ടർ തല്ലിയതായിട്ടാണ് അറിഞ്ഞത്. താൻ വണ്ടി ഓടിച്ചിരിക്കുകയായിരുന്നു. ട്രിപ്പ് തുടർന്ന് നടത്താൻ സാധിച്ചില്ല. മനോജ് ആണ് ഉപദ്രവിച്ചതായിട്ടാണ് അറിഞ്ഞത്. മനോജും സഫീറും ചേർന്നാണ് കണ്ടക്ടറുടെ തലയുടെ പലഭാഗത്തും കാലുകൊണ്ട് ചവിട്ടി എന്നും കണ്ടക്ടറുടെ ഷർട്ടിൽ കുത്തിപ്പിടിച്ചതെന്നും കാഷ് ബാഗിലും ETM ലും അടിച്ചതെന്നും തലയിടിച്ചെന്നും പറഞ്ഞിരുന്നു. ട്രിപ്പ് മുടങ്ങിയതിൽ 7,000/- രൂപയുടെ നഷ്ടമുണ്ടായി എന്നും കണ്ടക്ടറെ ഹോസ്പിറ്റലിൽ കൊണ്ടുപോയി എന്നും ഉപദ്രവിച്ച പ്രതികളെ വ്യക്തമായി അറിയില്ല എന്നും PW3 കോടതിയെ ബോധിപ്പിച്ചു.

7. PW4 യെ വിസ്തരിച്ചു. ഈ കേസിൽ ഉൾപ്പെട്ട KL.15 510 ആം നമ്പർ KSRTC bus ഉം അതിന്റെ രേഖകളും പോലീസ് സ്റ്റേഷനിൽ നിന്നും താൻ മൂന്നാം സ്ഥാനത്തിൽ ഏറ്റുവാങ്ങിയിരുന്നു എന്നും അതിലേക്ക് നൽകിയ കച്ചീട്ടാണ് Ext.P2 എന്നും PW4 കോടതിയെ ബോധിപ്പിച്ചു.

8. PW5 യെ വിസ്തരിച്ചു. 31.08.2010 ൽ താൻ ചടയമംഗലം പോലീസ് സ്റ്റേഷനിൽ ASI ആയിരിക്കവേ ഈ കേസിലെ മൊഴി താൻ രേഖപ്പെടുത്തിയ ശേഷം ടിയാളുടെ ദേഹസ്ഥിതി നോട്ടും രേഖപ്പെടുത്തി. ബോഡി നോട്ടാണ് Ext.P1(a), രജിസ്റ്റർ ചെയ്ത FIR ആണ് Ext.P3 എന്നും അന്വേഷണം നടത്തിയത് CW8 ആണെന്നും

PW5 കോടതിയെ ബോധിപ്പിച്ചു. സാക്ഷികളുടെ വാമൊഴി തെളിവുകൾ ഒന്നും പ്രോസിക്യൂഷന് അനുകൂലമായി ഇല്ലാത്തതിനാലും പ്രോസിക്യൂഷൻ ബാക്കി സാക്ഷികളെ വിസ്തരിക്കേണ്ടതില്ല എന്ന് കോടതിയിൽ അറിയിച്ച പ്രകാരം പ്രോസിക്യൂഷൻ ഭാഗം തെളിവ് അവസാനിപ്പിച്ചു.

9. പ്രതിക്കെതിരെ ഉന്നയിച്ച കുറ്റങ്ങൾ തെളിയിക്കുന്നതിലേക്കായി പ്രോസിക്യൂഷൻ ഭാഗം സാക്ഷികൾ ഒന്നും ഇല്ലാത്തതിനാൽ ക്രിമിനൽ നടപടിക്രമത്തിലെ 313(1)(b) പ്രകാരമുള്ള ചോദ്യം ചെയ്യൽ ഈ കോടതി ഒഴിവാക്കി.

10. പ്രതിഭാഗം തെളിവുകൾ ഒന്നും തന്നെ ഹാജരാക്കിയില്ല.

11. ഇരുഭാഗങ്ങളുടെയും വാദം കേട്ടു.

12. ഇരുഭാഗത്തേയും കേട്ടതിൽ വെച്ച് താഴെ പറയുന്ന പരിഗണന വിഷയങ്ങൾ രൂപീകരിച്ചു.

1. പ്രതികൾ, ഔദ്യോഗിക കൃത്യനിർവഹണത്തിലിരിക്കുന്ന ബസ് കണ്ടക്ടറെ ആക്രമിക്കുകയോ ക്രിമിനൽ ബലം പ്രയോഗിക്കുകയോ ചെയ്ത് ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 353 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

2. പ്രതികൾ, ബസ് കണ്ടക്ടറെ ദ്രോഹിക്കുന്നതിനോ ആക്രമിക്കുന്നതിനോ എന്ന ഉദ്ദേശത്തോടുകൂടി ബസിൽ അതിക്രമിച്ച് കയറിയും മറ്റും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 452 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

3. പ്രതികൾ, നാശനഷ്ടം വരുത്തണം എന്ന ഉദ്ദേശ്യത്തോടെ ഒത്തുചേർന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് 34 പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?

4. പ്രതികൾ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ എന്ത് ശിക്ഷ വിധിക്കണം?

13. **<u>ഒന്നു മുതൽ മൂന്ന് വരെയുള്ള പരിഗണനാ വിഷയങ്ങൾ.</u>**

ഒന്നാം സാക്ഷിയുടെ വിസ്താരവേളയിൽ പ്രതി എന്നെ ഉപദ്രവിച്ചിട്ടില്ല എന്നു പറയുകയും രണ്ടാം സാക്ഷിയും മൂന്നാം സാക്ഷിയും ക്രോസം വിസ്താര വേളയിൽ താൻ സംഭവം നേരിട്ട് കണ്ടിട്ടില്ല എന്നു പറയുകയും ചെയ്തതിനാൽ പ്രതിക്കെതിരായ തെളിവുകൾ ഒന്നുമില്ല എന്ന് കോടതിക്ക് ഉത്തമ ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ ഒന്നാം പ്രതി ഒന്നു മുതൽ മൂന്ന് വരെ പരിഗണനാ വിഷയങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ ചെയ്തതായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടിരിക്കുന്നു. ആയതിനാൽ ഒന്നു മുതൽ മൂന്ന് വരെ പരിഗണന വിഷയങ്ങൾ പ്രോസിക്യൂഷന് എതിരെ കണ്ടെത്തിയിരിക്കുന്നു

14. **<u>നാലാം പരിഗണനാ വിഷയം.</u>**

അന്തിമ റിപ്പോർട്ടിൽ ആരോപിച്ച കുറ്റ കൃത്യങ്ങൾ ഒന്നാം പ്രതി നടത്തിയതായി തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതിനാൽ ടിയാനെ ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 255(1) പ്രകാരം കുറ്റവിമുക്തർ ആക്കിയിരിക്കുന്നു. ഒന്നാം പ്രതിയെ നിരുപാധികം സ്വതന്ത്രനാക്കി വിട്ടയക്കുന്നു. പ്രതി/ ടിയാളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിലേക്കായി കോടതിയിൽ എഴുതി വച്ച ജാമ്യകൈചീട്ടുകൾ ഇതിനാൽ റദ്ദാക്കപെട്ടിരിക്കുന്നു.

രണ്ടാം പ്രതിയ്ക്ക് എതിരെ ഉള്ള കേസ് *ST 3905/2016* ആയി റീ ഫയൽ ചെയ്ത് ഉത്തരവാകുന്നു.

*(തുറന്ന കോടതിയിൽ ഇന്നേ ദിവസമായ 20/04/2026 ൽ ഞാൻ ഈ വിധി പുറപ്പെടുവിക്കുകയും ചെയ്യുന്നു. )*

ഒപ്പ്/-
**റിയ രാജി**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയ, ചടയമംഗലം**

**<u>അനുബന്ധം</u>**

**<u>പ്രോസിക്യൂഷൻ സാക്ഷികൾ</u>** :-

| | | |
|---|---|---|
| PW1 | – | പ്രദീപ് |
| PW2 | – | റാഷിദ് |
| PW3 | – | ജോസഫ് കുര്യൻ |
| PW4 | – | ശശിധരൻ |
| PW5 | – | സി. ഒ. ജോസ് |

**<u>പ്രോസിക്യൂഷൻ ഭാഗം അക്കമിട്ട രേഖകൾ</u>** :-

| | | | | | |
|---|---|---|---|---|---|
| 1. | P1 | – | എഫ്. ഐ. എസ്സ് | – | PW1 |
| 2. | P1(a) | – | ബോഡി നോട്ട് | – | PW5 |
| 3. | P2 | – | കൈച്ചീട്ട് | – | PW4 |
| 4. | P3 | – | എഫ്. ഐ. ആർ | – | PW5 |
| 5. | P4 | – | വൂണ്ട് സർട്ടിഫിക്കേറ്റ് | – | 294 (3) of Cr.PC |
| 6. | P5 | – | സെക്ഷൻ അഡിക്ഷൻ റിപ്പോർട്ട് | – | 294 (3) of Cr.PC |
| 7. | P6 | – | അഡ്രസ്സ് റിപ്പോർട്ട് | – | 294 (3) of Cr.PC |

**<u>പ്രതിഭാഗം സാക്ഷികൾ</u>** :- ഇല്ല.
**<u>പ്രതിഭാഗം അക്കമിട്ട രേഖകൾ</u>** :- ഇല്ല.
**<u>തൊണ്ടിമുതലുകൾ</u>** :- ഇല്ല.

**ഒപ്പ്/-**
**റിയ രാജി**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയ, ചടയമംഗലം**